## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3563 17.10.2011 -ൽ മറുപടിക്ക്

### പകർച്ചവ്യാധി വ്യാപനം-പാരിസ്ഥിതിക പഠനം നടത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം പകർച്ചവ്യാധികൾ പിടിപെട്ട് എത്ര ആളുകൾ മരിച്ചിട്ടുണ്ട് എന്ന് പറയാമോ; ഇപ്രകാരം മരിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഈ ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം 2011 ഒക്ടോബർ 10 വരെ സംശയാസ്പദമായ ഡെങ്കിപ്പനി മൂലം 9 പേരും സ്ഥിരീകരിച്ച ഡെങ്കിപ്പനി മൂലം 7 പേരും സംശയാസ്പദമായ എലിപ്പനി മൂലം 149 പേരും സ്ഥിരീകരിച്ച എലിപ്പനിമൂലം 47 പേരും സംശയാസ്പദമായ ജപ്പാൻ ജ്വരം മൂലം 4 പേരും സ്ഥിരീകരിച്ച ജപ്പാൻജ്വരം മൂലം 2 പേരും കൂടാതെ മലേറിയ മൂലം ഒരാളും എച്ച്.വൺ. എൻ.വൺ പനിമൂലം പത്ത് പേരും കോളറ മൂലം 6 പേരും മരിച്ചിട്ടുണ്ട്. ഈ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല. |
| (ബി) | പകർച്ചവ്യാധികളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പകർച്ചവ്യാധികൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് ഒരു പാരിസ്ഥിതിക പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പകർച്ചപ്പനി തടയുവാൻ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും വിവിധ വകുപ്പുകളുടേയും ആരോഗ്യ പ്രവർത്തകരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജന നേതാക്കളുടെയും പങ്കാളിത്തത്തോടെ പരിസര ശുചീകരണം ഫലപ്രദമായി നടത്തി വരുന്നു. അതോടൊപ്പം മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവത്ക്കരണം എന്നിവ നടത്തി വരുന്നു. സെപ്റ്റംബർ 25-ന് വൈകിട്ട് സർക്കാർ തലത്തിൽ വിശദമായ അവലോകന യോഗം നടത്തുകയും സംസ്ഥാന തലത്തിൽ രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത |

| | | | |
|---|---|---|---|
| | | | ഢപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. അതോടൊപ്പം മാലിന്യ നിർമ്മാർ ജ്ജനം ഉൾപ്പെടെയുള്ള മറ്റ് പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനത്തിൽ ഇതര വകുപ്പുകൾ കാര്യക്ഷമമായി പങ്കെടുക്കാനുള്ള നിർദ്ദേശം നൽകി. ഒക്ടോബർ 2 മുതൽ ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന "മാലിന്യമുക്ത കേരളം" പദ്ധതിക്ക് തുടക്കമിട്ടു. പകർച്ച വ്യാധി തടയുന്നതിലേക്ക്, ജില്ലകളിൽ ആശ പ്രവർത്തകർ വീടുകൾ കയറിയിറങ്ങി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും , പനിയുള്ളവർ ആരോഗ്യ സ്ഥാപനങ്ങളിലെത്തി ചികിത്സ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വിവിധ ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പകർച്ച വ്യാധി രോഗത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സ്വകാര്യ സർക്കാർ ആശുപത്രികളിൽ നിന്നും ലബോറട്ടറികളിൽ നിന്നും ശേഖരിക്കാനുള്ള സംവിധാനം ഊർജ്ജിത പ്പെടുത്തി. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചരണം, പ്രാദേശിക ടി.വി. ചാനലുകൾ വഴിയുള്ള പ്രചരണം, ബിറ്റ് നോട്ടീസ് വിതരണം , സ്കൂൾ അസംബ്ളി വഴിയുള്ള പ്രവർത്തനങ്ങൾ, പത്ര സമ്മേളനങ്ങൾ എന്നിവ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിഞ്ഞു. പകർച്ചപ്പനിയെ പ്രതിരോധിക്കാനായി 2010 ഏപ്രിൽ മാസം മുതൽ "Four Plus" എന്ന പകർച്ച വ്യാധി പ്രതിരോധ തീവ്രയജ്ഞ പരിപാടി കേരളം മുഴുവൻ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജിലും കാമ്പസ് ഫോർ പ്ലസ് എന്ന പേരിൽ നിരന്തര ശുചീകരണ, കൊതുകു നിർമ്മാർജ്ജന, രോഗ പ്രതിരോധ പരിപാടികൾ നടത്തി വരുന്നുണ്ട്. ആശുപത്രിയിലെ രോഗികളിൽ നിന്നും കൂട്ടിരിപ്പുകാർ, ഡോക്ടർമാർ, മറ്റു ആശുപത്രി ജീവനക്കാർ എന്നിവർക്ക് |

| | | | |
|---|---|---|---|
| | | | രോഗം വരുന്നുത് തടയുന്നതിനുള്ള കർമ്മ പരിപാടിയും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന RPIED സെൽ വഴി നടപ്പിലാക്കി വരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിലെ മുഴുവൻ ഹൗസ് സർജന്മാർക്കും ഇതിലേക്കായി പരിശീലനം നൽകി വരുന്നുണ്ട്. ഒക്ടോബർ 2 മുതൽ നവംബർ 3 വരെ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ആരോഗ്യ സന്ദേശ യാത്ര നടത്തി വരുന്നു. |
| (സി) | ആലപ്പുഴ ജില്ലയ്ക്ക് പ്രത്യേകം ഒരു ആരോഗ്യ പാക്കേജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നു വിശദമാക്കാമോ? | (സി) | ബൃഹത്തായ ഒരു സമഗ്ര ആരോഗ്യ പദ്ധതി തയ്യാറാക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റിയിൽ നൽകി. 28.09.11ന് കൂടിയ ഡി.പി.സി. അത് പാസാക്കി നൽകി. ആലപ്പുഴ ജില്ലയ്ക്കുള്ള പ്രത്യേക ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തേണ്ട ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നടപ്പിൽ വരേണ്ടത് സംബന്ധിച്ച് അഭിപ്രായം ആരായുവാൻ ജില്ലയിലെ എല്ലാ എം.പി., എം.എൽ.എ. എന്നിവർക്ക് ഉടൻതന്നെ പ്രോജക്ടുകളുടെ വിവരം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ